# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1955** **13.06.2019-ൽ മറുപടിക്ക്**

### പോലീസ് സേനയിലേക്ക് ആദിവാസി യുവതീ യുവാക്കളുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പോലീസ് സേനയിലേക്ക് ആദിവാസി യുവതീ യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി കോൺസ്റ്റബിൾ തസ്തികയിലേക്ക് നിയമിക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിസഭ തീരുമാനമെടുത്തത് എന്നാണ്;<br>(ബി) ആദിവാസി യുവതി യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസിലേക്ക് നിയമിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br>(സി) പ്രസ്തുത തസ്തികയിലുള്ള നിയമനത്തിന് പി.എസ്.സി.നോട്ടിഫിക്കേഷൻ എന്നാണ് പുറപ്പെടുവിച്ചത്;<br>(ഡി) റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും | 17.12.2015-ലെ മന്ത്രിസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16.01.2016 തീയതിയിലെ സ.ഉ.(അ) നം. 13/16/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതി-യുവാക്കളിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകുന്നതിനായി 75 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു. 27.06.2016 തീയതിയിലെ സ.ഉ. (കൈ) നം. 183/2016/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഡ്രൈവിനു വേണ്ടി സൃഷ്ടിച്ച തസ്തികകൾ വയനാട് ജില്ല (മുഴുവൻ), പാലക്കാട് (അട്ടപ്പാടി), മലപ്പുറം (നിലമ്പൂർ) എന്നീ പ്രദേശങ്ങൾക്കായി വിഭജിച്ച് നൽകിയും ഇതിൽ ആദിവാസി വിഭാഗത്തിലെ താഴെ തട്ടിലുള്ള പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു. ഇതിനെ |

തുടർന്നാണ് സംസ്ഥാന പോലീസ് മേധാവി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്തത്. തുടർന്ന് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ 29.04.2017 തീയതിയിലെ അസാധാരണ ഗസറ്റ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചു. റിക്രൂട്ട്മെന്റ് നടപടികൾ തുടങ്ങിയപ്പോൾ മലപ്പുറം ജില്ലയിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കൂടുതലായി നിവസിക്കുന്നത് കളികാവ്, അരീക്കോട് ബ്ലോക്കുകളിൽ ആണെന്ന് ബോധ്യപ്പെട്ടതിനാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കളികാവ്, അരീക്കോട് ബ്ലോക്കുകളെ കൂടി ഉൾപ്പെടുത്തി 12.07.2017 തീയതിയിലെ സ.ഉ.(കൈ) നം. 150/2017/ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. അട്ടപ്പാടി ബ്ലോക്കിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കുറവായതിനാൽ ആ ബ്ലോക്കിലെ "most primitive" വിഭാഗത്തെ കൂടി ഉൾപ്പെടുത്തി 20.03.2018 തീയതിയിലെ സ.ഉ.(കൈ) നം. 43/2018/ആഭ്യന്തരം നമ്പർ പ്രകാരം വീണ്ടും ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പി.എസ്.സി. റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ച് 26.03.2018 തീയതിയിൽ നിയമന ശുപാർശ ഉദ്യോഗാർത്ഥികൾക്ക് നൽകി. പ്രസ്തുത റിക്രൂട്ട്മെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവർ ഒടുക്കേണ്ട

ബോണ്ട് തുകയും ജാമ്യ വ്യവസ്ഥയും ഒഴിവാക്കി നൽകുവാൻ 17.05.2018 തീയതിയിലെ സ.ഉ.(കൈ) നം. 88/2018/ആഭ്യന്തരം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. വനിതകൾക്കും പുരുഷൻമാർക്കും പ്രത്യേകമായി തയ്യാറാക്കുകയും മൂന്ന് ജില്ലകളിലായി പ്രസിദ്ധീകരിച്ചതുമായ ആറ് റാങ്ക് ലിസ്റ്റുകളിൽ ആകെ 1111 പേർ ഉൾപ്പെട്ടിട്ടുണ്ട്. പി.എസ്.സി നിയമന ശുപാർശ നൽകിയവരിൽ ഒരാൾ ഒഴികെ 74 പേരുടെയും പരിശീലനം പൂർത്തിയായിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**

7